പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 298 — 20.6.2014-ന് മറുപടിക്ക്

## നഗരങ്ങളിലെ മലിനജല സംസ്ക്കരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, ഡൊമിനിക് പ്രസന്റേഷൻ<br>,, സണ്ണി ജോസഫ്<br>,, കെ. ശിവദാസൻ നായർ | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) നഗരങ്ങളിലെ മലിനജലം സംസ്ക്കരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;<br><br>ബി) നഗരങ്ങളിൽ മലിനജല സംസ്ക്കരണ പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ; | എ) & ബി) നഗരങ്ങളിലെ മലിനജലം സംസ്കരിക്കുവാൻ തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരസഭകളിൽ ദ്രവ മാലിന്യ വാഹകശൃംഖലയും, ദ്രവമാലിന്യ സംസ്കരണശാലയും നിർമ്മിക്കാനാണ് നടപടികൾ സ്വീകരിച്ചിട്ടുള്ളത്. അതിൽ തിരുവനന്തപുരത്ത് 107 ദശലക്ഷം ലിറ്റർ പ്രതിദിനസംസ്കരണ ശേഷിയുള്ള പ്ലാന്റ് പണി പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. കൂടാതെ **64.86 കോടി** രൂപ അടങ്കൽ തുകയുള്ള രണ്ടു പാക്കേജുകൾക്ക് (മലിനജലവാഹക ശൃംഖല) കരാർ നൽകി പണി പുരോഗമിച്ചുവരുന്നു. കൂടാതെ മലിനജലവാഹകകുഴലുകൾ ക്ലീൻ ചെയ്യാനുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും, നിലവിലെ മാൻഹോളുകളുടെയും വിതരണ ശൃംഖലയുടെയും അറ്റകുറ്റപ്പണികൾ ചെയ്യുന്നതിനും പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നതാണ്. കൊല്ലത്ത് 12 ദശലക്ഷം ലിറ്റർ പ്രതിദിന സംസ്കരണശേഷിയുള്ള പ്ലാന്റും, നിലവിലുള്ള വിതരണ ശൃംഖലയുടെ അറ്റകുറ്റപണികളും, പുതുതായി രണ്ട് പാക്കേജുകളിലായി വാഹക ശൃംഖലയുടെ പണിയും ആണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിൽ പ്ലാന്റിന്റേതൊഴിച്ചുള്ളപണികൾ കരാർ നൽകി പണി ആരംഭിച്ചിട്ടുണ്ട്.<br><br>പശ്ചിമ കൊച്ചിയിൽ 12 ദശലക്ഷം ലിറ്റർ പ്രതിദിന സംസ്ക്കരണശേഷിയുള്ള പ്ലാന്റും 4 പാക്കേജുകളിലായി മലിനജല വാഹകശൃംഖലയുടെയും പണികളാണ് ആവിഷ്ക്കരിച്ചു നടപ്പിലാക്കുന്നത്. ഇതിൽ 4 പാക്കേജുകൾ കരാർ നൽകി |

പണി പ്രാരംഭഘട്ടത്തിലാണ്. പ്രസ്തുത പണി പൂർത്തിയാകുന്ന മുറയ്ക്ക് പ്ലാന്റിന്റെയും പണികൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

കോഴിക്കോട് 13.5 ദശലക്ഷം ലിറ്റർ പ്രതിദിന സംസ്കരണശേഷിയുള്ള പ്ലാന്റിന്റെ കരാർ നൽകികഴിഞ്ഞു.

ഇതുകൂടാതെ ബ്രഹ്മപുരത്ത് 100 ക്യുബിക് മീറ്റർ പ്രതിദിനം സംസ്കരണ ശേഷിയുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണിയും പുരോഗമിച്ചുവരുന്നു. പാലക്കാടും ഇതേ ശേഷിയുള്ള പ്ലാന്റ് സ്ഥാപിക്കാനുള്ള കരാർ നൽകിക്കഴിഞ്ഞു. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ള സ്ഥലത്ത് 100 ക്യുബിക് മീറ്റർ പ്രതിദിനം സംസ്കരണ ശേഷിയുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങുതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കേരളത്തിലെ എല്ലാ ജില്ലകളിലും ഇതുപോലുള്ള പ്ലാന്റുകൾ നിർമ്മിക്കാനുദ്ദേശിക്കുന്നുണ്ട്.

ഇവയെല്ലാം 2016 ജൂൺ 30 നു മുമ്പായി പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

| | | | |
|---|---|---|---|
| സി) | ഏതു പദ്ധതിയുടെ ഭാഗമായാണ് ഇത് നടപ്പാക്കാനുദ്ദേശിക്കുന്നത് ; | സി) & ഡി) | തിരുവനന്തപുരം, കൊല്ലം,കൊച്ചി, കോഴിക്കോട് എന്നീ നഗരസഭകളിൽ കേരള സുസ്ഥിര നഗരവികസനപദ്ധതി പ്രകാരമാണ് സ്വീവേജ് സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കുന്നത്. ഇതിൽ തിരുവനന്തപുരം, കോഴിക്കോട് പ്ലാന്റുകൾക്ക് ഏഷ്യൻവികസനബാങ്കിന്റെ ധനസഹായം ലഭ്യമായിട്ടുണ്ട്. തിരുവനന്തപുരത്തെ പ്ലാന്റിന് കേന്ദ്രസർക്കാരിന്റെ ധനസഹായവും ലഭ്യമായിട്ടുണ്ട്. |
| ഡി) | ഏതെല്ലാം ഏജൻസികളാണ് പ്രസ്തുത പദ്ധതിക്ക് സഹായം നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ; | | |
| ഇ) | പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കുമോ ? | ഇ) | ചോദ്യത്തിന്റെ എ, ബി എന്നീ പിരിവുകളുടെ ഉത്തരത്തിൽ വിശദമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## വിശദീകരണകുറിപ്പ്

തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട് എന്നീ നഗരസഭകളിൽ ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്കിന്റെ ധനസഹായത്തോടെ മലിനജലം സംസ്കരിക്കുവാൻ സ്വീകരിച്ചിട്ടുളള നടപടികൾ താഴെപറയും പ്രകാരമാണ്.

<u>തിരുവനന്തപുരം</u>

<u>എ. മലിനജല സംസ്കരണപ്ലാന്റ്</u>

ദിവസേന 107 ദശലക്ഷം ലിറ്റർ സംസ്കരണശേഷിയുള്ള ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പണി 2013 ജൂണിൽ തീർന്ന് ഇപ്പോൾ നന്നായി പ്രവർത്തിപ്പിച്ചുവരുന്നു. ഇതിന്റെ പദ്ധതി ചെലവ് **75 കോടി** രൂപയും ഓപ്പറേഷൻ ആന്റ് മെയിന്റനൻസ് കോസ്റ്റും ചേർന്ന കരാർ തുക **80 കോടി** രൂപയുമാണ്. **43 കോടി** രൂപ ഏഷ്യൻ വികസന ബാങ്കിൽനിന്നും **32 കോടി** രൂപ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൽനിന്നുമാണ് ചെലവാക്കിയിട്ടുള്ളത്. കൂടാതെ ജവഹർലാൽ നെഹ്റു അർബൻ റിന്യൂവർ മിഷൻ രണ്ടാംഘട്ട പദ്ധതിയിലുൾപ്പെടുത്തി തിരുവനന്തുപരം മെഡിക്കൽ കോളേജിൽ പ്രതിദിനം 4 ദശലക്ഷം ലിറ്റർ സംസ്കരണെശേഷിയുള്ള ഒരു സംസ്കരണ പ്ലാന്റ് പണിയാൻ നടപടി എടുത്തിട്ടുണ്ട്. ഇത് നടപ്പിലാക്കുന്നത് കേരള വാട്ടർ അതോറിറ്റിയാണ്. ഇതിന്റെ പണിയുടെ ദർഘാസ് ഉടൻതന്നെ ക്ഷണിക്കുന്നതാണ്. ഇതിനായി അനുവദിച്ച തുക **3.3 കോടി** രൂപയാണ്. കൂടാതെ നിലവിലെ വാഹകശൃംഖലയുടെ അറ്റകുറ്റപണികൾ , പമ്പുഹൗസുകളുടെ പുനരുദ്ധാരണം, മാൻഹോൾ റിപ്പയർ, വാഹകകുഴലുകൾ വൃത്തിയാക്കുന്ന യന്ത്രസാമഗ്രികൾ മുതലായവയ്ക്കായി **117.70 കോടി** രൂപ വകയിരുത്തിയിട്ടുണ്ട്.

<u>ബി. മലിനജല വാഹകശൃംഖല</u>

രണ്ടു പാക്കേജുകളിലായി **64.86 കോടി** രൂപ അടങ്കൽകതുക യുള്ള ജി–1 ബ്ലോക്കിൽ മലിനജലവാഹകശൃംഖല സ്ഥാപിക്കുകയും സി ബ്ലോക്കിലെ നിലവിലെ ശൃംഖലയുടെ പുനരുദ്ധാരണവും അടങ്കൽ പണികൾക്കാണ് കരാർ നൽകിയിട്ടുള്ളത്. ഇതിന്റെ പണി പല ഘട്ടങ്ങളിലായി പുരോഗമിച്ചുവരുന്നു. ഈ പദ്ധതി 31.1.2015 നുമുമ്പായി പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. 31 **കിലോമീറ്റർ** നീളത്തിൽ പൈപ്പുകളും അനുബന്ധ മാൻഹോളുകളും വീടുകളിലേക്കുള്ള കണക്ഷനുകളുമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

കൊല്ലം

<u>മലിനജല സംസ്കരണപ്ലാന്റ്</u>

പ്രതിദിനം 12 **ദശലക്ഷം** ലിറ്റർ സംസ്കരണശേഷിയുള്ള പ്ലാന്റ് പണിയാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിന്റെ അടങ്കൽ തുക 17.95 കോടി രൂപയാണ്. മലിനജല വാഹക ശൃംഖലയുടെ പണി പൂർത്തിയാകുന്നതോടെ പ്ലാന്റും പണി പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. പൊതു ജനങ്ങളുടെ എതിർപ്പു മൂലം പണി തുടങ്ങാൻ കഴിഞ്ഞിട്ടില്ല.

<u>മലിനജല വാഹകശൃംഖല</u>

നിലവിലുള്ള മലിനജലവാഹകശൃംഖലയുടെ അറ്റകുറ്റപണികളും, വാഹകശൃംഖലയില്ലാത്ത പ്രധാന ബ്ലോക്കുകളിൽ മലിനജലവാഹകശൃംഖലയും മാൻഹോളും നിർമ്മിക്കുന്നതിനായി 60.36 **കോടി** രൂപ അടങ്കൽ തുകയ്ക്കുള്ള കരാർ നൽകി പണി പ്രാരംഭഘട്ടത്തിലാണ്. പൊതുജനങ്ങളുടെ എതിർപ്പു മൂലം പണി മന്ദഗതിയിലാണ്. നിലവിലെ 23 **കിലോമീറ്റർ** പൈപ്പും, പുതുതായി 29 കി.മീറ്റർ പൈപ്പും, അനുബന്ധമാൻഹോളുകളും, വീടുകളിലേക്കുള്ള കണക്ഷനുകളും അടങ്ങുന്നതാണ് പദ്ധതി. ഇത് 31.1.2015 ൽ പൂർത്തിയാക്കാനാണ്

ലക്ഷ്യമിട്ടിട്ടുള്ളത്. എന്നാൽ മിക്കവാറും 2016 ജൂൺ 30- ഓടുകൂടി പണി പൂർത്തീകരിക്കാൻ കഴിയൂ എന്നാണ് വിലയിരുത്തിയിട്ടുള്ളത്.

കൊച്ചി

കൊച്ചി നഗരസഭയിൽപശ്ചിമ കൊച്ചിയിൽ മലിനജലസംസ്കരണപ്ലാന്റും മലിന ജല വാഹകശൃംഖലയുംപണിയാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ഇതിനായി 188.02 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

<u>മലിനജല സംസ്കരണപ്ലാന്റ്</u>

12 ദശലക്ഷം ലിറ്റർ പ്രതിദിനം സംസ്കരണശേഷിയുള്ള പ്ലാന്റാണ് പണിയാൻ ഉദ്ദേശിക്കുന്നത്. ഇതിനായി 22.83 കോടി രൂപ വകയിരുത്തിയിട്ട്. മലിനജല വാഹകശൃംഖലയുടെ പണി പൂർത്തിയാകുന്ന മുറയ്ക്ക് ഇതും പൂർത്തീകരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇതിന്റെ സ്ഥലം സംബന്ധിച്ചുള്ള ഒരു പരാതി ഗ്രീൻട്രൈബ്യൂണലിന്റെ മുൻപാകെ ജൂലൈ 7ന് വാദം കേൾക്കാനായി വച്ചിരിക്കുകയാണ്. ഇതിനാവശ്യമായ എല്ലാ ക്ലിയറൻസും കിട്ടിയിട്ടുണ്ട്. കേസ് തീർപ്പായാലുടൻതന്നെ ടെൻണ്ടർ ചെയ്യാൻ കഴിയും. കൊച്ചിൻ പോർട്ട് ട്രസ്റ്റിന്റെ അധീനതയിലുള്ള സ്ഥലത്ത് 100 ക്യുബിക് മീറ്റർ പ്രതിദിനം സംസ്കരണശേഷിയുള്ള സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റ് തുടങ്ങുതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

<u>മലിനജല വാഹകശൃംഖല</u>

പശ്ചിമകൊച്ചിയിൽ നടപ്പിലാക്കുന്ന ഒരു ബൃഹത്തായ പദ്ധതിയാണിത്. നാലു പാക്കേജുകളിലായി 165.19 കോടി രൂപ അടങ്കൽതുകയുള്ള കരാർ നൽകിയ പണി പ്രാരംഭഘട്ടത്തിലാണുള്ളത്. 66.79 കിലോമീറ്റർ നീളത്തിൽ മലിനജല വാഹകശൃംഖലയും അനുബന്ധമാൻഹോളുകളും, പമ്പ്ഹൗസുകളും സ്ഥാപിച്ച് വീടുകളിൽ കണക്ഷനുകളും അടങ്ങുന്നതാണ് പദ്ധതി. ഇത് 28.11.2015 ൽ പൂർത്തിയാക്കാനാണ് കരാർ നൽകിയിട്ടുള്ളത്.

കോഴിക്കോട്

കോഴിക്കോട് നഗരത്തിൽ മലിനജലസംസ്കരണ പ്ലാന്റിനായും മലിനജലവാഹകശൃംഖലയ്ക്കായും 96.20 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

<u>മലിനജല സംസ്കരണപ്ലാന്റ്</u>

ആദ്യഘട്ടത്തിൽ 13.5 ദശലക്ഷം ലിറ്റർ സംസ്കരണശേഷിയുള്ള പ്ലാന്റ് പണിയാനായി സ്ഥലം നികത്തുന്നതിനുമായി 32.35 കോടി രൂപയ്ക്ക് കരാർ നൽകികഴിഞ്ഞു. കേരള ജല അതോറിറ്റിയുടെ കൈവശമുള്ള സ്ഥലം പദ്ധതിക്കായി നൽകുവാൻ 12.5.2014 ൽ കൂടിയ എംപവേർഡ് കമ്മിറ്റിയിൽ തീരുമാനമായി. ഇത് കിട്ടിയാലുടൽ പണി ആരംഭിക്കാൻ കഴിയും.

<u>മലിനജല വാഹകശൃംഖല</u>

രണ്ടു പാക്കേജകുളിലായി 63.85 കോടി രൂപ അടങ്കൽതുകയ്ക്ക് കരാർ നൽകി പണി പുരോഗമിച്ചുവരുന്നു. മലിനജലവാഹകശൃംഖലയും പമ്പ്ഹൗസുകളും, വിടുകളിലേക്കുള്ള കണക്ഷനുകളും അടങ്ങിയതാണ് പദ്ധതി. ആകെ 66 കി.മീറ്റർ നീളത്തിൽ വാഹകശൃംഖലയും, മാൻഹോളുകളും വീടുകളിലേക്കുള്ള കണക്ഷനുകളും ചെയ്യാനുള്ള കരാറാണ് നൽകിയിട്ടുള്ളത്. ഈ പദ്ധതിയും 2015 നവംബർ അവസാനത്തോടെ പൂർത്തിയാക്കാൻ കഴിയുമെന്നു പ്രതീക്ഷിക്കുന്നു.